**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 400** **10-06-2024 - ൽ മറുപടിയ്ക്ക്**

**മദ്യനയത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മദ്യനയം പുതുക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നിലവിലെ മദ്യനയത്തിൽ നിന്നും എന്തൊക്കെ മാറ്റങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | എല്ലാ സാമ്പത്തിക വർഷവും സർക്കാർ മദ്യനയം പ്രഖ്യാപിയ്ക്കാറുണ്ട്. 2024-25 വർഷത്തെ മദ്യനയം ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | ഡ്രൈ ഡേ ഒഴിവാക്കുന്നത് സംബന്ധിച്ചും ഐ.ടി. പാർക്കുകളിലും മാളുകളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും മദ്യം ലഭ്യമാക്കുന്നത് സംബന്ധിച്ചും സർക്കാർതലത്തിൽ ചർച്ചകൾ നടത്തുകയോ തീരുമാനങ്ങൾ എടുക്കുകയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | ഡ്രൈഡേ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടില്ല. ഐ.റ്റി. പാർക്കുകളിൽ മദ്യം വിതരണം ചെയ്യുന്നതിന് ലൈസൻസ് നൽകാൻ 2022-23 വർഷത്തെ മദ്യനയത്തിൽ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ആയതിന് ചട്ടം രൂപീകരിച്ചിട്ടില്ല. സൂപ്പർമാർക്കറ്റ്, മാളുകൾ തുടങ്ങിയ സ്ഥലങ്ങളിൽ മദ്യം ലഭ്യമാക്കാൻ തീരുമാനം എടുത്തിട്ടില്ല. |
| (സി) | മദ്യനിരോധനമല്ല മദ്യവർജനമാണ് വേണ്ടത് എന്നതാണോ ഈ സർക്കാരിന്റെ നയമെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ ബാറുകളുടെയും മദ്യ വില്പന ശാലകളുടെയും എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ മദ്യവർജനം എപ്രകാരം നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) | മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് ഈ സർക്കാരിന്റെ നയം. മദ്യത്തിന്റെ ഉപഭോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി മദ്യ ഉപയോഗം കുറച്ചുകൊണ്ടുവരിക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>ബാറുകളും വിദേശമദ്യശാലകളും ഭാഗികമായി അടച്ചിട്ടിരുന്ന 2011-16 കാലയളവിനേക്കാൾ ബാറുകളും എഫ്.എൽ1. ഷോപ്പുകളും തുറന്ന് പ്രവർത്തിച്ച 2016-21 കാലയളവിൽ മദ്യവില്പന കുറവായിരുന്നു.<br><br>ലഹരിയ്ക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'ക്ക് രൂപം നൽകിയിട്ടുള്ളതാണ്. ലഹരിക്കെതിരെ വിമുക്തി മിഷൻ മറ്റ് വകുപ്പുകളുടെയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ലഹരിയ്ക്ക് അടിമപ്പെട്ടവരെ |

| | | | |
|---|---|---|---|
| | | | ചികിത്സിക്കുന്നതിനായി 14 ഡീ-അഡിക്ഷൻ സെന്ററുകളും 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യ ഉപയോഗം കുറയ്ക്കാൻ കഴിയുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. |
| (ഡി) | 2016-2021-ലെ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് തുറന്ന് പ്രവർത്തിച്ചിരുന്ന ബാറുകളുടെയും സർക്കാർ മദ്യ വില്പന ശാലകളുടെയും ആകെ എണ്ണം എത്രയായിരുന്നു; ജില്ലയും മദ്യ ശാലയുടെ ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഡി) | 2016-ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 5 സ്റ്റാർ ക്ലാസിഫിക്കേഷൻ ഉണ്ടായിരുന്ന 29 ഹോട്ടലുകൾക്കും 813 ബിയർ & വൈൻ പാർലറുകൾക്കും 306 വിദേശ മദ്യ ചില്ലറ വില്പനശാലകൾക്കും ഉൾപ്പെടെ 1148 മദ്യശാലകൾ പ്രവർത്തിച്ചിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു |
| (ഇ) | 2016-ൽ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയ ബാറുകളുടെയും സർക്കാർ, സർക്കാർ ഇതര മദ്യ വില്പന ശാലകളുടെയും എണ്ണം എത്രയാണ്; ജില്ലയും മദ്യശാലയുടെ ഇനവും അനുമതി നൽകിയ വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഇ) | 2016-ൽ സർക്കാർ അധികാരമേറ്റതു മുതൽ മുൻ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനം നിർത്തിവച്ച 78 FL-01 ഷോപ്പുകൾ ഉൾപ്പെടെ ആകെ 253 FL-01 ഷോപ്പുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.<br><br>2016 ൽ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയ ബാറുകളുടെയും, ബിയർ/ വൈൻ/ പാർലറുകളുടെയും ജില്ലയും, അനുമതി നൽകിയ വർഷവും തിരിച്ചുള്ള കണക്ക് അനുബന്ധം- 3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം- 1**

| ക്രമ നമ്പർ | ജില്ല | വിദേശ മദ്യ ചില്ലറ വില്പന ശാലകൾ | ബാർ ഹോട്ടലുകൾ | ബിയർ/വൈൻ പാർലറുകൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 39 | 6 | 99 |
| 2 | കൊല്ലം | 32 | 2 | 66 |
| 3 | പത്തനംതിട്ട | 16 | 0 | 24 |
| 4 | ആലപ്പുഴ | 22 | 2 | 43 |
| 5 | കോട്ടയം | 27 | 2 | 32 |
| 6 | ഇടുക്കി | 22 | 1 | 32 |
| 7 | എറണാകുളം | 46 | 11 | 255 |
| 8 | തൃശ്ശൂർ | 27 | 1 | 118 |
| 9 | പാലക്കാട് | 23 | 0 | 51 |
| 10 | മലപ്പുറം | 9 | 1 | 12 |
| 11 | കോഴിക്കോട് | 14 | 1 | 34 |
| 12 | വയനാട് | 6 | 1 | 11 |
| 13 | കണ്ണൂർ | 15 | 0 | 25 |
| 14 | കാസറഗോഡ് | 8 | 1 | 11 |
| ആകെ | | **306** | **29** | **813** |

സെക്ഷൻ ഓഫീസർ

**അനുബന്ധം -2**

| ക്രമ നമ്പർ | ജില്ല | അനുവദിച്ച വിദേശമദ്യ ചില്ലറ വില്പനശാലകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 28 |
| 2 | കൊല്ലം | 23 |
| 3 | പത്തനംതിട്ട | 9 |
| 4 | ആലപ്പുഴ | 25 |
| 5 | കോട്ടയം | 16 |
| 6 | ഇടുക്കി | 15 |
| 7 | എറണാകുളം | 20 |
| 8 | തൃശ്ശൂർ | 28 |
| 9 | പാലക്കാട് | 22 |
| 10 | മലപ്പുറം | 15 |
| 11 | കോഴിക്കോട് | 19 |
| 12 | വയനാട് | 9 |
| 13 | കണ്ണൂർ | 16 |
| 14 | കാസറഗോഡ് | 8 |
| ആകെ | | 253 |

സെക്ഷൻ ഓഫീസർ

അനുബന്ധം. 3.

| ജില്ല | 2016-17 | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | 2021-22 | | 2022-23 | | 2023-24 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ബാർ ഹോട്ടലുകൾ | ബീയർ & വൈൻ പാർലർ | ബാർ ഹോട്ടലുകൾ | ബീയർ & വൈൻ പാർലർ | ബാർ ഹോട്ടലുകൾ | ബീയർ & വൈൻ പാർലർ | ബാർ ഹോട്ടലുകൾ | ബീയർ & വൈൻ പാർലർ | ബാർ ഹോട്ടലുകൾ | ബീയർ & വൈൻ പാർലർ | ബാർ ഹോട്ടലുകൾ | ബീയർ & വൈൻ പാർലർ | ബാർ ഹോട്ടലുകൾ | ബീയർ & വൈൻ പാർലർ | ബാർ ഹോട്ടലുകൾ | ബീയർ & വൈൻ പാർലർ |
| തിരുവനന്തപുരം | 0 | 0 | 7 | 3 | 6 | 2 | 4 | 3 | 5 | 2 | 5 | 2 | 8 | 0 | 7 | 1 |
| കൊല്ലം | 0 | 2 | 7 | 1 | 7 | 1 | 2 | 1 | 2 | 0 | 2 | 0 | 3 | 0 | 3 | 0 |
| പത്തനംതിട്ട | 0 | 0 | 3 | 0 | 0 | 0 | 0 | 0 | 2 | 0 | 0 | 0 | | 0 | 4 | 0 |
| ആലപ്പുഴ | 0 | 1 | 7 | 2 | 2 | 1 | 2 | 1 | 1 | 0 | 0 | 0 | 2 | 0 | 1 | 0 |
| കോട്ടയം | 0 | 0 | 8 | 1 | 2 | 1 | 0 | 1 | 2 | 1 | 0 | 1 | 3 | 1 | 4 | 1 |
| ഇടുക്കി | 0 | 0 | 5 | 1 | 3 | 0 | 3 | 3 | 0 | 1 | 1 | 2 | 0 | 0 | 1 | 1 |
| എറണാകുളം | 1 | 2 | 15 | 3 | 15 | 2 | 18 | 3 | 5 | 3 | 9 | 2 | 7 | 3 | 3 | 0 |
| തൃശ്ശൂർ | 0 | 0 | 7 | 1 | 7 | 0 | 3 | 0 | 3 | 1 | 3 | 0 | 6 | 0 | 7 | 0 |
| പാലക്കാട് | 0 | 0 | 5 | 1 | 4 | 0 | 1 | 0 | 0 | 0 | 0 | 0 | 1 | 1 | 4 | 1 |
| മലപ്പുറം | 0 | 0 | 1 | 0 | 3 | 0 | 3 | 0 | 1 | 0 | 0 | 0 | 2 | 0 | 0 | 0 |
| കോഴിക്കോട് | 0 | 0 | 5 | 0 | 2 | 1 | 1 | 0 | 3 | 1 | 3 | 1 | 3 | 0 | 1 | 0 |
| വയനാട് | 0 | 0 | | 0 | 1 | 0 | 2 | 0 | 0 | 1 | 0 | 0 | 1 | 0 | 4 | 0 |
| കണ്ണൂർ | 0 | 0 | 6 | 1 | 2 | 0 | 1 | 1 | 1 | 1 | 1 | 0 | 3 | 0 | 1 | 0 |
| കാസർഗോഡ് | 0 | 0 | 1 | 0 | 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | **1** | **5** | **77** | **14** | **57** | **8** | **40** | **13** | **25** | **11** | **24** | **8** | **39** | **5** | **40** | **4** |

സെക്ഷൻ ഓഫീസർ.